## അനുബന്ധം എച്ച് -4

## അറിയിപ്പ്

ട്രഷറി ഡയറക്ടറേറ്റിലെ സീനിയർ അക്കൗണ്ടന്റ് (നിലവിൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന) ശ്രീ.എസ്.സജനെ അറിയിക്കുന്നത് എന്തെന്നാൽ, താങ്കൾ ട്രഷറി ഡയറക്ടറേറ്റിൽ സീനിയർ അക്കൗണ്ടന്റായി ജോലി നോക്കിവരവെ 07/12/2007 മുതൽ ജി.ഒ (ആർ.ടി) നം. 8768/2007/ധന തീയതി 05/12/2007 പ്രകാരം 5 വർഷത്തേക്കും, ജി.ഒ.(ആർ.ടി) നം.6966/2012/ധന തീയതി 23/07/2012 പ്രകാരം 07/12/2012 മുതൽ 5 വർഷത്തേക്കും, ട്രഷറി ഡയറക്ടറുടെ 18/09/2017-ലെ ബി6/എച്ച്3/17758/2017 നമ്പർ ഉത്തരവിൻ പ്രകാരം 07/12/2017 മുതൽ 5 വർഷത്തേക്കും വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി KSR Part-I Appendix XII-A പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. എന്നാൽ, ശൂന്യാവേതനാവധി കാലയളവ് പൂർത്തിയായ 06/12/2022-ന് ശേഷവും താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കാതെ ഓഫീസിൽ നിന്നും അനധികൃതമായി വിട്ടുനിന്നതിനെ തുടർന്ന് താങ്കൾക്ക് 31-03-2023-ലെ ട്രഷറി ഡയറക്ടറുടെ റ്റി.ആർ.വൈ/5279/2022-വിജി.1 നമ്പർ പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും താങ്കളുടെ സേവനപുസ്തകത്തിലെ മേൽവിലാസത്തിൽ നൽകുകയുണ്ടായിയെങ്കിലും ടി കത്ത് " Addressee left India" എന്ന കുറിപ്പോടുകൂടി തപാൽ അധികാരികൾ തിരികെ ലഭ്യമാക്കിയിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും മറുപടി സമർപ്പിക്കാനുള്ളപക്ഷം ആയത് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ താങ്കൾ യാതൊരു വിശദീകരണവും സമർപ്പിക്കാത്തപക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാൻ ഇല്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. താങ്കൾ കൈപ്പറ്റാതെ മടങ്ങിവന്ന നോട്ടീസ് നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിന് ഏത് മേൽവിലാസത്തിലേക്കാണ് അയക്കേണ്ടത് എന്നത് കാണിച്ച് ഓഫീസ് പ്രവർത്തന സമയത്തോ / തപാൽ മുഖാന്തിരമോ ട്രഷറി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വി.സാജൻ**
**ട്രഷറി ഡയറക്ടർ**

സ്വീകർത്താവ്

ശ്രീ.എസ്.സജൻ
സീനിയർ അക്കൗണ്ടന്റ്, ട്രഷറി ഡയറക്ടറേറ്റ്